# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## ഗ്രാമീണ തൊഴിലുറപ്പുപദ്ധതി - ഒഴിവാക്കപ്പെട്ട മേഖലകൾ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 144 — 13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, വി. എസ്. സുനിൽ കുമാർ<br>,, പി. തിലോത്തമൻ<br>,, മുല്ലക്കര രത്നാകരൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നിന്നും ഏതെങ്കിലും മേഖലകളെ ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ ഒഴിവാക്കിയ മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | 2005 ലെ തൊഴിലുറപ്പ് നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ള ഒരു മേഖലയേയും ഒഴിവാക്കിയിട്ടില്ല. 2005 മുതൽ 2013 വരെ പദ്ധതി ഭാഗമായി ചേർക്കപ്പെട്ടിട്ടുള്ള പ്രവൃത്തികളുടെ പട്ടികയിൽ നിന്നും താഴെപ്പറയുന്ന പ്രവൃത്തികൾ 03/01/2014 ൽ പരിഷ്ക്കരിച്ച നിയമത്തിന്റെ അനുബന്ധ പട്ടിക 1 ൽ ഒഴിവാക്കിയിട്ടുണ്ട്.<br>1. ബ്ലോക്ക് പഞ്ചായത്തുകളിൽ ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണം<br>2. NADEP കമ്പോസ്റ്റിംഗ് (വ്യക്തികളുടെ ഭൂമിയിൽ)<br>കൂടാതെ പ്രകടമല്ലാത്തതും, അളന്നുതിട്ടപ്പെടുത്താൻ കഴിയാത്തതും ആവർത്തന സ്വഭാവമുള്ളതുമായ സാധാരണ കൃഷിപ്പണികളും ഏറ്റെടുക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | പല മേഖലകളും ഒഴിവാക്കപ്പെട്ടതുമൂലം തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കുറയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇത്തരം പ്രവൃത്തികൾ ഒഴിവാക്കപ്പെട്ടത് മൂലം തൊഴിൽ ദിനങ്ങൾ കുറയുകയില്ല. ചുവടെ പറയുന്ന പ്രവൃത്തികൾ പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. കാലിത്തൊഴുത്ത് നിർമ്മാണം<br>2. പന്നിക്കൂട് നിർമ്മാണം |

| | | | |
|---|---|---|---|
| | | | 3. NRLM സംഘങ്ങൾക്ക് വർക്ക്ഷെഡ്/സംഭരണ ശാല<br>4. ഇന്ദിരാ ആവാസ് യോജന മറ്റ് സർക്കാർ ഭവന പദ്ധതികൾ എന്നിവയിൽ ഏറ്റെടുക്കുന്ന ഭവനനിർമ്മാണത്തിനുള്ള അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം<br>5. തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ബിൽഡിംഗ് മെറ്റീരിയൽസിന്റെ നിർമ്മാണം<br>6. SHG ഫെഡറേഷനുകൾ, സൈക്ലോൺ ഷെൽട്ടറുകൾ, ക്രിമിറ്റോറിയം എന്നിവയ്ക്കുള്ള കെട്ടിടങ്ങൾ<br>7. തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്തിട്ടുള്ള ആസ്തികളുടെ പുനരുദ്ധാരണം<br>8. ആവാസകേന്ദ്രങ്ങൾക്കുള്ളിലുള്ള ഉൾറോഡുകൾ/വീഥികളുടെ നിർമ്മാണം |
| (സി) | ഏത് കാലം വരെയുള്ള പദ്ധതികളാണ് ഒഴിവാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതികൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശമുണ്ടായിട്ടുണ്ടോ ? | (സി) | ബ്ലോക്ക് പഞ്ചായത്തിന്റെ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രം, വ്യക്തികളുടെ ഭൂമിയിലെ NADEP കമ്പോസ്റ്റിംഗ് എന്നിവ ഒഴിവാക്കപ്പെട്ടിട്ടുള്ളത് 03/01/2014 മുതലാണ്. പുനഃപരിശോധന സംബന്ധിച്ച വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ